## പരിശീലന രൂപരേഖകൾ

ക്രിസ്തുവിനെ അനുഭവമാക്കുകയും,
ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

ദൂത് രണ്ട്

### നമ്മുടെ മാതൃകയായി ക്രിസ്തുവിനെ അറിയുകയും എടുക്കുകയും ചെയ്യുക

RK *Hymns*: ML46, ML10

തിരുവെഴുത്ത് വായന: ഫിലി. 2:5-11

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

**I. ക്രിസ്തുവിനെ അനുഭവമാക്കുന്നതിനും ക്രിസ്തുവിനെ ജീവിക്കുന്നതിനും, നാം അവനെ നമ്മുടെ മാതൃകയായി അറിയുകയും അവനെ നമ്മുടെ മാതൃകയായി എടുക്കുകയും വേണം—ഫിലി. 2:5-11:**

Phil 2:5~11 be omitted.

A. 2:5-11-ൽ പൗലൊസ് ക്രിസ്തുവിനെ മാതൃകയായി അവതരിപ്പിക്കുന്നു; ഈ മാതൃക നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെടേണ്ടത് നമുക്കാവശ്യമാണ്.

Phil 2:5~11 be omitted.

B. ക്രിസ്തീയ ജീവിതത്തിന്റെ മാതൃക തന്നെത്താൻ ഒഴിക്കുകയും, തന്നെത്താൻ താഴ്ത്തുകയും, ദൈവത്താൽ ഉയർത്തപ്പെടുകയും മഹത്വപ്പെടുത്തപ്പെടുകയും ചെയ്ത ദൈവ-മനുഷ്യ രക്ഷകനാണ്—വാ. 6-9:

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ,

അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

1. കർത്താവ് ദൈവത്തോട് സമനായിരുന്നെങ്കിലും, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചുവയ്ക്കുവാനുള്ള ഒരു നിധിയായി അവൻ കരുതിയില്ല; തനിക്കുണ്ടായിരുന്ന ദൈവരൂപം മാറ്റിവച്ചുകൊണ്ട് അവൻ തന്നെത്താൻ ഒഴിച്ചു—വാ. 6-7.

   ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

   ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത് ...

2. തന്റെ ജഡാവതാരത്തിൽ കർത്താവ് തന്റെ ദിവ്യപ്രകൃതം മാറ്റിയില്ല; ദൈവരൂപത്തിൽനിന്നും ഒരു അടിമയുടെ രൂപത്തിലേക്ക് അവൻ തന്റെ ബാഹ്യാവിഷ്കാരം മാത്രം മാറ്റി—വാ. 7.

   ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

3. കർത്താവ് "മനുഷ്യ സാദൃശ്യത്തിൽ" ആയിത്തീർന്നു—വാ. 7-8:

   ഫിലി. 2:7b ...മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

   ഫിലി. 2:8a വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്,. ...

   a. *ദൈവരൂപം* ക്രിസ്തുവിന്റെ ദൈവഭാവത്തിന്റെ ആന്തരിക യാഥാർഥ്യത്തെ സൂചിപ്പിക്കുന്നു; *മനുഷ്യസാദൃശ്യം* അവന്റെ മനുഷ്യത്വത്തിന്റെ ബാഹ്യമായ ദൃഷ്ടഭാവത്തെ സൂചിപ്പിക്കുന്നു.

   b. അവൻ ബാഹ്യമായി ഒരു മനുഷ്യനായി മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു, എന്നാൽ ദൈവമെന്ന നിലയിൽ, ആന്തരികമായി അവന് ദൈവഭാവത്തിന്റെ യാഥാർഥ്യം ഉണ്ടായിരുന്നു.

   c. ക്രിസ്തു മനുഷ്യത്വത്തിന്റെ അവസ്ഥയിലേക്ക് പ്രവേശിക്കുകയും, അവൻ വേഷത്തിൽ ഒരു മനുഷ്യനായി കാണപ്പെടുകയും ചെയ്തു.

4. മരണത്തോളം—ക്രൂശിലെ മരണത്തോളം തന്നെ—അനുസരണമുള്ളവനായിത്തീർന്നതിലൂടെ ക്രിസ്തു അവനെത്തന്നെ താഴ്ത്തി—വാ. 8:

   ഫിലി. 2:8b ...തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു..

   a. തന്നെത്താൻ താഴ്ത്തുന്നത് തന്നെത്താൻ ഒഴിക്കുന്നതിന്റെ മുമ്പോട്ടുള്ള പടിയായിരുന്നു.

   b. ക്രിസ്തുവിന്റെ സ്വയം താഴ്ത്തൽ അവന്റെ സ്വയം ഒഴിക്കലിനെ വെളിവാക്കി.

   c. ക്രൂശിലെ മരണം ക്രിസ്തുവിന്റെ അപമാനത്തിന്റെ ഉച്ചസ്ഥിതിയായിരുന്നു—പ്രവൃ. 8:33; ഫിലി. 3:21.

പ്രവൃ. 8:33 തന്റെ അപമാനത്തിൽ അവന്റെ ന്യായവിധി എടുത്തുകളഞ്ഞു. അവന്റെ തലമുറയെ ആർ പ്രഖ്യാപിക്കും? അവന്റെ ജീവനെ ഭൂമിയിൽ നിന്ന് എടുത്തുകളഞ്ഞിരിക്കുന്നുവല്ലോ."

ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

5. കർത്താവ് തന്നെത്തന്നെ അങ്ങേയറ്റം താഴ്ത്തി, എന്നാൽ ദൈവം അവനെ ഏറ്റവും ഉന്നതമായ കൊടുമുടിയിലേക്ക് ഉയർത്തുകയും, "സകല നാമത്തിനും മേലായ നാമം" അവന്റെ മേൽ ചൊരിയുകയും ചെയ്തു—2:9:

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

a. ഒരു യഥാർഥ മനുഷ്യനായ യേശുവിനെ എല്ലാവരുടെയും കർത്താവാകുവാൻ ദൈവം ഉയർത്തി—പ്രവൃ. 2:32-33; 5:31.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

b. ക്രിസ്തുവിന്റെ ഈ ഉയർത്തൽ പുനരുത്ഥാന ശക്തിയുടെ പ്രകടനമായിരുന്നു.

c. പ്രപഞ്ചത്തിലെ ഏറ്റവും മേലായ നാമം, ഏറ്റവും വലിയ നാമം, യേശുവിന്റെ നാമമാണ്:

1) കർത്താവായ യേശു തന്റെ വ്യക്തിയിലും വേലയിലും ആയിരിക്കുന്നതിന്റെ ആകെത്തുകയുടെ ആവിഷ്കാരമാണ് നാമം.

2) *യേശുവിന്റെ നാമത്തിൽ* എന്നത് കർത്താവ് താൻ ആകുന്ന മണ്ഡലത്തിലും മൂലകത്തിലും എന്നാണ് അർഥമാക്കുന്നത്—ഫിലി. 2:10.

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും

ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

d. യേശു കർത്താവാണെന്ന് നാം ഏറ്റുപറയുന്നതിന്റെ ഫലം പിതാവായ ദൈവം മഹത്വപ്പെടുന്നു എന്നതാണ്; ഇത് തന്റെ വ്യക്തിയിലും വേലയിലും ക്രിസ്തു ആയിരിക്കുന്നതും ചെയ്തതുമായ എല്ലാറ്റിന്റെയും മഹാ പരിസമാപ്തിയാണ്—വാ. 11; 1 കൊരി. 15:24-28.

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

1 കൊരി. 15:24 പിന്നെ, സകല വാഴ്ച്ചയും സകല അധികാരവും ശക്തിയും അവൻ ഇല്ലാതാക്കിയ ശേഷം, തന്റെ ദൈവത്തിനും പിതാവിനും അവൻ രാജ്യം, ഏൽപ്പിക്കുമ്പോൾ, അവസാനം.

1 കൊരി. 15:25 അവന്റെ സകല ശത്രുക്കളെയും ദൈവം അവന്റെ കാൽക്കീഴാക്കുവോളം അവൻ വാഴേണം.

1 കൊരി. 15:26 ഒടുക്കത്തെ ശത്രുവായ മരണം ഇല്ലാതാക്കപ്പെടുന്നു.

1 കൊരി. 15:27 എന്തെന്നാൽ അവൻ സകലത്തെയും അവന്റെ കാൽക്കീഴെ കീഴ്പ്പെടുത്തിയിരിക്കുന്നു. എന്നാൽ സകലത്തെയും കീഴ്പ്പെടുത്തിയിരിക്കുന്നു എന്ന് അവൻ പറയുമ്പോൾ, അവന് സകലത്തെയും കീഴ്പ്പെടുത്തിക്കൊടുത്തവൻ ഒഴികെ സകലത്തെയും എന്നു സ്പഷ്ടമാകുന്നു.

1 കൊരി. 15:28 സകലവും അവന് കീഴ്പ്പെട്ടു കഴിയുമ്പോൾ, ദൈവം സകലത്തിലും സകലവും ആകേണ്ടതിന്, തനിക്കു സകലത്തെയും കീഴ്പ്പെടുത്തിക്കൊടുത്തവന് പുത്രൻ താനും കീഴ്പ്പെടും.

C. ഏറ്റവും ഉയർന്ന ജീവനും സ്ഥാനവും ഉള്ള ഒരുവൻ എളിയ രീതിയിൽ ജീവിക്കുവാൻ മനസ്സുള്ളവനായിരിക്കും എന്നതാണ് ഈ മാതൃകയുടെ തത്ത്വം.

**II. നമ്മുടെ മാതൃകയായ ക്രിസ്തു വസ്തുനിഷ്ഠൻ മാത്രമല്ല, വ്യക്തിനിഷ്ഠനും അനുഭവപരനുമാണ്—ഫിലി. 2:5, 12-13:**

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ

നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

A. മാതൃക സ്ഥാപിച്ചവനും താൻതന്നെ മാതൃകയായിരിക്കുന്നവനും ഇപ്പോൾ ഉൾവസിക്കുന്ന ദൈവമായി നമ്മുടെ ഉള്ളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു—വാ. 13.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

B. നമുക്ക് ഏറ്റവും ഉയർന്ന നിലവാരമോ ഏറ്റവും ഉയർന്ന സ്ഥാനമോ ഉണ്ടെങ്കിൽപോലും നാം അതിനെ മുറുകെപിടിക്കരുത് എന്നതാണ് നമ്മുടെ ജീവിതത്തിനായുള്ള ആന്തരിക മാതൃകയെന്ന നിലയിൽ ക്രിസ്തുവിന്റെ തത്ത്വം.

C. തന്റെ മനുഷ്യജീവിതത്തിൽ, പ്രത്യേകിച്ച് അവൻ തന്നെത്തന്നെ ഒഴിക്കുകയും താഴ്ത്തുകയും ചെയ്തതിലും ദൈവവുമായുള്ള സമത്വം ഒരു നിധിയായി പിടിച്ചുവയ്ക്കാതിരിക്കുകയും ചെയ്ത കാര്യത്തിൽ, നാം ക്രിസ്തുവിനോടുകൂടെ കൂട്ടാളികളായിരിക്കണം—വാ. 6-7.

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

D. നമ്മുടെ മാതൃകയായ ക്രിസ്തു ഇപ്പോൾ നമ്മുടെ ഉള്ളിലെ ജീവനാണ്—കൊലൊ. 3:4:

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

1. നമ്മിലുള്ള ജീവൻ സ്വയം-ഒഴിക്കുന്നതും സ്വയം-താഴ്ത്തുന്നതുമായ ഒരു ജീവനാണ്; ഈ ജീവൻ ഒരിക്കലും ഒരു നിധിയായി ഒന്നിനെ മുറുകെപിടിക്കുന്നില്ല, പ്രത്യുത സ്ഥാനവും പദവിയും മാറ്റിവയ്ക്കുവാൻ എപ്പോഴും മനസ്സുള്ളതാണ്.
2. നമ്മുടെ മാതൃകയായി ക്രൂശിക്കപ്പെട്ട ക്രിസ്തു നമുക്കുണ്ട്, ഈ മാതൃക നമ്മുടെ ഉള്ളിലുള്ള ക്രൂശിക്കപ്പെട്ട ജീവനാണ്—ഗലാ. 2:20:

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

a. ഫിലിപ്പിയർ 2:5-8-ലെ ക്രിസ്തുവിന്റെ അപമാനത്തിന്റെ പടികൾ പൂർണമായ രീതിയിൽ ജീവിച്ചു വെളിപ്പെട്ട ക്രൂശിക്കപ്പെട്ട ജീവന്റെ എല്ലാ വശങ്ങളുമാണ്.

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

b. നാം ക്രിസ്തുവിനെ ജീവിക്കുമ്പോൾ, ക്രൂശിക്കപ്പെട്ട ജീവന്റെ മാതൃകയായവനെ നാം ജീവിക്കുന്നു—1:21.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

3. ക്രൂശിക്കപ്പെട്ട ജീവനെ നമ്മുടെ മാതൃകയായി എടുക്കുന്നത് പുനരുത്ഥാനത്തിനുള്ള കവാടം തുറക്കുകയും പുനരുത്ഥാനശക്തിയിലേക്ക് നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു—3:10:

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

a. ക്രൂശിക്കപ്പെട്ട ഒരു ജീവിതം നയിക്കുന്നതിലൂടെ, പ്രപഞ്ചത്തിൽ ഏറ്റവും ഉയർന്ന കൊടുമുടിയിലേക്ക് ക്രിസ്തുവിനെ ഉയർത്തിയ പുനരുത്ഥാനശക്തി നമുക്ക് അനുഭവിക്കുവാൻ കഴിയും—എഫെ. 1:19-22.

എഫെ. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

എഫെ. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

എഫെ. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം

ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

b. ഭൂമിയിലെ ഏറ്റവും ഉന്നതമായ ജീവൻ ക്രൂശിക്കപ്പെട്ട ജീവനാണ്; നാം ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുമ്പോഴെല്ലാം, ദൈവം നമ്മെ പുനരുത്ഥാനശക്തിയിലേക്ക് കൊണ്ടുവരും.

4. പ്രപഞ്ചത്തിൽ വസ്തുനിഷ്ഠമായി മാത്രമല്ല, നമ്മുടെ ദൈനംദിന ജീവിതത്തിൽ വ്യക്തിനിഷ്ഠമായും ക്രിസ്തു ഉയർത്തപ്പെടണം—ഫിലി. 2:9:

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

a. നമ്മുടെ ദൈനംദിന ജീവിതത്തിന്റെ മാതൃകയായിരിക്കുവാൻ ക്രിസ്തുവിനെ ക്രൂശിക്കപ്പെട്ട ജീവനായി നാം എടുക്കുമ്പോൾ അവൻ നമ്മിൽ ഉയർത്തപ്പെടുന്നു.

b. യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായം ക്രിസ്തുവിനെ ഉയർത്തുന്ന ശക്തിയാണ്—1:19.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

**III. നമ്മുടെ മാതൃകയായി നാം ക്രിസ്തുവിനെ എടുക്കണമെങ്കിൽ, ക്രിസ്തുവിന്റെ മനസ്സിനെ നമ്മുടെ മനസ്സായി നാം എടുക്കണം—2:5:**

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

A. പൗലൊസ് ക്രിസ്തുവിനെ ബാഹ്യമായി തന്റെ ജീവിതമായും ആവിഷ്കാരമായും എടുക്കുക മാത്രമല്ല, ആന്തരികമായി ക്രിസ്തുവിന്റെ മനസ്സിനെ തന്റെ മനസ്സായും എടുത്തു—1 കൊരി. 2:16.

1 കൊരി. 2:16 ആർ കർത്താവിന്റെ മനസ്സറിഞ്ഞ് അവനെ നിർദേശിക്കും? എന്നാൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്.

B. ക്രിസ്തുവിന്റെ മനസ്സ് നമ്മിലുണ്ടായിരിക്കുകയെന്നാൽ ഈ മനസ്സ് ജീവനുള്ള ഒന്നാകുന്നു എന്നാണ് അർഥമാക്കുന്നത്; വാസ്തവത്തിൽ, ക്രിസ്തുവിന്റെ മനസ്സ് ക്രിസ്തു തന്നെയാണ്, കാരണം ക്രിസ്തു എന്ന വ്യക്തി അവന്റെ മനസ്സിൽ വെളിവാകുന്നു.

C. നാം നമ്മെത്തന്നെ തുറക്കുകയും "അതേ മനസ്സ്" നമ്മിൽ ഉണ്ടായിരിക്കുവാൻ അനുവദിക്കുകയും വേണം—ഫിലി. 2:5:

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

1. അതേ എന്നത് വാക്യം 3-ലെ *കരുതിക്കൊണ്ടും* എന്നതിനെയും വാക്യം 4-ലെ *നോക്കിക്കൊണ്ടും* എന്നതിനെയും സൂചിപ്പിക്കുന്നു.

   ഫിലി. 2:3 സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്,

   ഫിലി. 2:4 ഓരോരുത്തനും തന്റെ സ്വന്തം നന്മകളല്ല, മറ്റുള്ളവരുടെ നന്മകളും നോക്കിക്കൊണ്ട് എന്റെ സന്തോഷം പൂർണമാക്കുവിൻ.

2. ക്രിസ്തു തന്നെത്താൻ ഒഴിക്കുകയും, ഒരു അടിമരൂപം എടുക്കുകയും, തന്നെത്താൻ താഴ്ത്തുകയും, വേഷത്തിൽ ഒരു മനുഷ്യനായി കാണപ്പെടുകയും ചെയ്തപ്പോൾ ഇത്തരം ചിന്ത അവനിൽ ഉണ്ടായിരുന്നു—വാ. 7-8.

   ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

   ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

3. ഇങ്ങനെയുള്ള ഒരു മനസ്സ് ഉണ്ടായിരിക്കുന്നതിന് നമുക്ക് ക്രിസ്തുവിന്റെ അന്തർഭാഗങ്ങളിൽ അവനോട് ഒന്നായിരിക്കേണ്ടത് ആവശ്യമാണ്—1:8.

   ഫിലി. 1:8 ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി.

**IV. പുത്രന്റെ കീഴ്പെടൽ നാം അറിയേണം—2:5-11; എബ്രാ. 5:7-8:**

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ

ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

എബ്രാ. 5:7 ഇവൻ, തന്റെ ജഡത്തിലെ നാളുകളിൽ, തന്നെ മരണത്തിൽ നിന്ന് രക്ഷിക്കുവാൻ കഴിവുള്ളവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ യാചനകളും അപേക്ഷകളും അർപ്പിക്കുകയും തന്റെ ഭക്തി നിമിത്തം കേൾക്കപ്പെടുവാൻ ഇടയാകുകയും ചെയ്തു,

എബ്രാ. 5:8 പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു.

A. കർത്താവായ യേശുവും പിതാവും ഒന്നാണെന്ന് ദൈവവചനം നമ്മോടു പറയുന്നു—യോഹ. 10:30.

യോഹ. 10:30 ഞാനും പിതാവും ഒന്നാകുന്നു.

B. പിതാവും പുത്രനും തുല്യരും, സമസർവശക്തരും, സഹവർത്തിക്കുന്നവരും, ഒരേ സമയം നിലനിൽക്കുന്നവരുമാണ്.

C. ഫിലിപ്പിയർ 2:5-7 ഒരു ഭാഗവും, 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ മറ്റൊരു ഭാഗവും ആണ്:

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

1. ഒന്നാമത്തെ ഭാഗം ക്രിസ്തു തന്നെത്താൻ ഒഴിച്ചതിനെക്കുറിച്ചാണ്.
2. രണ്ടാമത്തെ ഭാഗം ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ തന്നെത്താൻ താഴ്ത്തുന്നതിനെക്കുറിച്ചാണ്—വാ. 8.

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

D. കർത്താവ് ഭൂമിയിലേക്ക് വന്നപ്പോൾ, അവൻ തന്റെ ദൈവഭാവത്തിന്റെ മഹത്വം, ശക്തി, സ്ഥാനം, സ്വരൂപം എന്നിവയിൽനിന്ന് തന്നെത്താൻ ഒഴിച്ചു.

E. പിതാവ് അധികാരത്തിന്റെ പ്രാതിനിധ്യമായിത്തീരുകയും, പുത്രൻ കീഴ്പെടലിന്റെ പ്രാതിനിധ്യമായിത്തീരുകയും ചെയ്തു:

1. കർത്താവ് ഭൂമിയിലേക്ക് ഇറങ്ങിവന്നപ്പോൾ, ഒരു വശത്ത് അവൻ അധികാരം വിട്ടുകളയുകയും, മറുവശത്ത് കീഴ്പെടൽ എടുക്കുകയും ചെയ്തു.
2. ഒരു അടിമയായിത്തീരുവാൻ, ഒരു മനുഷ്യനെന്ന നിലയിൽ സമയത്തിലും സ്ഥലത്തിലും പരിമിതപ്പെടുവാൻ, അവൻ തന്റെ ഹൃദയത്തെ ഉറപ്പിച്ചു.
3. കർത്താവ് അനുസരണമുള്ളവനായിത്തീർന്നുകൊണ്ട് തന്നെത്താൻ താഴ്ത്തി; ദൈവത്വത്തിലുള്ള അനുസരണം മുഴുവൻ പ്രപഞ്ചത്തിലും വച്ച് ഏറ്റവും അത്ഭുതകരമായ കാര്യമാണ്.

F. നാം അധികാരത്തിന് കീഴ്പെടണം; ഇത് വലിയൊരു കാര്യമാണ്.

G. നമുക്ക് ക്രിസ്തു യേശുവിൽ ഉണ്ടായിരുന്ന മനസ്സ് ഉണ്ടായിരിക്കണം—വാ. 5:

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

1. നമ്മുടെ സമർപ്പണത്തിന്റെ തത്ത്വമായി കർത്താവിന്റെ സമർപ്പണത്തിന്റെ തത്ത്വത്തെ എടുത്തുകൊണ്ട് നാം എല്ലാവരും നമ്മുടെ കർത്താവിന്റെ മാർഗം എടുക്കണം.
2. മത്സരത്തേക്കാൾ ഹീനമായ പാപമില്ലെന്നും കീഴ്പെടലിനെക്കാൾ പ്രാധാന്യമുള്ള മറ്റൊന്നുമില്ലെന്നും ഈ തത്ത്വം അറിയുന്ന എല്ലാവരും മനസ്സിലാക്കും—യൂദാ 11; റോമ. 1:5; 16:26.

യൂദാ. 1:11 അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ പോകുകയും, പ്രതിഫലത്തിനായി ബിലെയാമിന്റെ തെറ്റിലേക്ക് പായുകയും, കോരഹിന്റെ മത്സരത്തിൽ നശിക്കുകയും ചെയ്തു.

റോമ. 1:5 അവന്റെ നാമത്തിനുവേണ്ടി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന്റെ അനുസരണത്തിനായി അവനിലൂടെ ഞങ്ങൾക്ക് കൃപയും അപ്പൊസ്തലത്വവും ലഭിച്ചു,

റോമ. 16:26 മർമത്തിന്റെ വെളിപാടിനൊത്തവണ്ണവും, യേശു ക്രിസ്തുവിന്റെ പ്രഖ്യാപനമായ, എന്റെ സുവിശേഷത്തിനൊത്തവണ്ണവും നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിവുള്ള,

3. കീഴ്പെടലിന്റെ തത്ത്വം നാം കാണുമ്പോൾ മാത്രമേ ദൈവത്തെ സേവിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ—മത്താ. 4:10; 20:28; പ്രവൃ. 6:2; റോമ. 1:9; 16:18; എബ്രാ. 12:28; വെളി. 22:3.

മത്താ. 4:10 അപ്പോൾ യേശു അവനോട്, കടന്നുപോ സാത്താനേ!

| | |
|---|---|
| | എന്തെന്നാൽ "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നു എന്നു പറഞ്ഞു. |
| മത്താ. 20:28 | മനുഷ്യപുത്രനും ശുശ്രൂഷിക്കപ്പെടുവാനല്ല, മറിച്ച് ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വന്നതു പോലെ തന്നെ. |
| പ്രവൃ. 6:2 | പന്ത്രണ്ടുപേർ ശിഷ്യന്മാരുടെ പുരുഷാരത്തെ അടുക്കൽ വിളിച്ചിട്ട് അവരോട്, ദൈവത്തിന്റെ വചനം ഉപേക്ഷിച്ച് മേശകളിൽ സേവിക്കുന്നത് ഞങ്ങൾക്ക് ഉചിതമല്ല. |
| റോമ. 1:9 | ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, |
| റോമ. 16:18 | എന്തെന്നാൽ ഇത്തരത്തിലുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ സ്വന്തം വയറിനെയത്രേ സേവിക്കുന്നത്, ചക്കരവാക്കിലൂടെയും മുഖസ്തുതിയിലൂടെയും അവർ സാധാരണക്കാരുടെ ഹൃദയങ്ങളെ വഞ്ചിക്കുന്നു. |
| എബ്രാ. 12:28 | അതുകൊണ്ട് കുലുക്കമില്ലാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട്, നമുക്ക് കൃപയുണ്ടായിരിക്കട്ടെ, അതിലൂടെ സുപ്രസാദകരമായി ഭക്തിയോടും ഭയത്തോടും കൂടെ നമുക്ക് ദൈവത്തെ സേവിക്കാം; |
| വെളി. 22:3 | ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും; |

4. കർത്താവ് കീഴ്പെട്ട വിധത്തിൽ കീഴ്പെടുന്നതിലൂടെ മാത്രമേ ദൈവത്തിന്റെ തത്ത്വം നിലനിർത്തുവാൻ കഴിയുകയുള്ളൂ.

H. കർത്താവ് അനുസരണം പഠിച്ചത് കഷ്ടമനുഭവിച്ചതിലൂടെയാണെന്ന് എബ്രായർ 5:8 നമ്മോടു പറയുന്നു:

| | |
|---|---|
| എബ്രാ. 5:8 | പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു. |

1. കഷ്ടാനുഭവം അവനിലേക്ക് അനുസരണം കൊണ്ടുവന്നു.
2. കഷ്ടാനുഭവത്തിന്റെ നടുവിലും അനുസരണം ഉള്ളപ്പോൾ യഥാർഥ കീഴ്പെടൽ കാണപ്പെടുന്നു.
3. കർത്താവ് ഭൂമിയിലേക്കു വന്നപ്പോൾ, അവൻ തന്നോടൊപ്പം അനുസരണം കൊണ്ടുവന്നില്ല; മറിച്ച്, അവൻ അത് കഷ്ടാനുഭവങ്ങളിലൂടെ പഠിച്ചു.

I. രക്ഷ സന്തോഷം മാത്രമല്ല കൊണ്ടുവരുന്നത്; അത് കീഴ്പെടലിനെയും കൊണ്ടുവരുന്നു—റോമ. 1:5; 16:19, 26; തീത്തൊ. 3:1:

| | |
|---|---|
| റോമ. 1:5 | അവന്റെ നാമത്തിനുവേണ്ടി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന്റെ അനുസരണത്തിനായി അവനിലൂടെ ഞങ്ങൾക്ക് കൃപയും അപ്പൊസ്തലത്വവും ലഭിച്ചു, |
| റോമ. 16:19 | നിങ്ങളുടെ അനുസരണത്തെക്കുറിച്ചുള്ള വിവരം എല്ലാവരുടെയും അടുക്കൽ എത്തിയിരിക്കുന്നു; അതുകൊണ്ട് ഞാൻ നിങ്ങളെ ഓർത്ത് സന്തോഷിക്കുന്നു, എന്നാൽ നിങ്ങൾ നന്മയ്ക്ക് ജ്ഞാനികളും തിന്മയ്ക്ക് നിഷ്കളങ്കരും ആയിരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു. |
| റോമ. 16:26 | മർമത്തിന്റെ വെളിപാടിനൊത്തവണ്ണവും, യേശു ക്രിസ്തുവിന്റെ പ്രഖ്യാപനമായ, എന്റെ സുവിശേഷത്തിനൊത്തവണ്ണവും നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിവുള്ള, |
| തീത്തൊ. 3:1 | വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും കീഴ്പ്പെടുവാനും, അനുസരണമുള്ളവരായിരിക്കുവാനും, സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിക്കുവാനും, |

1. കീഴ്പെടുന്നവർ മാത്രമേ രക്ഷയുടെ പൂർണത അനുഭവമാക്കുകയുള്ളൂ.
2. കർത്താവ് കീഴ്പെട്ടവനായിരുന്നതുപോലെ നാമും കീഴ്പെടുന്നവരായിരിക്കണം.
3. അനുസരണത്തിലൂടെ കർത്താവ് നമ്മുടെ രക്ഷയുടെ സ്രോതസ്സായിത്തീർന്നു—എബ്രാ. 5:8-9.

| | |
|---|---|
| എബ്രാ. 5:8 | പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു. |
| എബ്രാ. 5:9 | തികഞ്ഞവനാക്കപ്പെട്ടിട്ട്, തന്നെ അനുസരിക്കുന്ന എല്ലാവർക്കും അവൻ നിത്യരക്ഷയുടെ സ്രോതസ്സായിത്തീർന്നു, |

4. നാം അവന്റെ ഹിതത്തിന് കീഴ്പെടുന്നവരാകും എന്ന പ്രത്യാശയോടെ ദൈവം നമ്മെ രക്ഷിച്ചു—റോമ. 4:11.

| | |
|---|---|
| വെളി. 4:11 | ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു. |

J. ഒരുവൻ ദൈവത്തിന്റെ അധികാരത്തെ സന്ധിക്കുമ്പോൾ, കീഴ്പെടൽ ലളിതമായ ഒരു കാര്യമാണ്, ദൈവത്തിന്റെ ഹിതം അറിയുന്നതും ലളിതമായ ഒരു കാര്യമാണ്, കാരണം തന്റെ ജീവിതത്തിലുടനീളം കീഴ്പെട്ടിരുന്നവനായ കർത്താവ് തന്റെ കീഴ്പെടലിൻ ജീവനെ നമുക്ക് തന്നുകഴിഞ്ഞിരിക്കുന്നു—യോഹ. 11:25.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;